# Official Spokesperson's response to media queries on allegations by Pakistan regarding Indian forces targeting a U.N. vehicle

December 20, 2020

---

## ഇന്ത്യൻ സൈന്യങ്ങൾ ഐക്യരാഷ്ട്ര സഭയുടെ വാഹനത്തെ ലക്ഷ്യം വയ്ക്കുന്നുവെന്നുള്ള പാകിസ്ഥാന്റെ ആരോപണത്തെ തുടർന്നുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.

**ഡിസംബർ** 20, 2020

ഇന്ത്യൻ സൈന്യങ്ങൾ ഐക്യരാഷ്ട്ര സഭയുടെ വാഹനത്തെ ലക്ഷ്യം വയ്ക്കുന്നുവെന്നുള്ള പാകിസ്ഥാന്റെ ആരോപണത്തെ തുടർന്നുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

"2020 ഡിസംബർ 18 ന് ഇന്ത്യൻ സൈന്യങ്ങൾ മനഃപൂർവമായി യു എൻ വാഹനത്തെ ലക്ഷ്യം വച്ചു എന്ന രീതിയിലുള്ള പാകിസ്താന്റെ ആരോപണങ്ങൾ വിശദമായി അന്വേഷിക്കുകയും അത് വസ്തുതാപരമായി തെറ്റായതാണെന്ന് തെളിയുകയും ചെയ്തിരുന്നു.ഞങ്ങളുടെ മുൻനിര സൈനികർ ഈ പ്രവിശ്യയിലെ യു എൻ മിലിറ്ററി നിരീക്ഷകരുടെ സാന്നിദ്ധ്യത്തെക്കുറിച്ച് അവബോധമുള്ളവരാണ് കൂടാതെ ആരോപണത്തിൽ പറയുന്നത് പോലെയുള്ള വെടിവെയ്പ് നടത്തുകയും ചെയ്തിട്ടില്ല.

തങ്ങളുടെ നിയന്ത്രണധികാരത്തിലുള്ള പ്രവിശ്യയിലെ യു എൻ ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടത് മറയ്ക്കുന്നതിനായി ഇന്ത്യയ്ക്കെതിരെ കെട്ടിച്ചമച്ച, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിനു പുറമെ, പാകിസ്ഥാൻ ഉത്തരവാദിത്വത്തോടെ തങ്ങളുടെ വീഴ്ചകളെപ്പറ്റി അന്വേഷിക്കാൻ ശ്രമിക്കേണ്ടതാണ്. ഇത്തരം തെറ്റുധാരണകൾ സംബന്ധിച്ച കണ്ടെത്തലുകളും കാഴ്ചപ്പാടുകളും ഇന്ത്യ പാകിസ്താനി വിഭാഗത്തിന് കൈമാറിയിട്ടുണ്ട്."

ന്യൂ ഡൽഹി

20 ഡിസംബർ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.